**പതിനാലാം കേരള നിയമസഭ**
**7-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട**
ചോദ്യം നമ്പർ : T .203 — 16.08.2017 -ൽ മറുപടിയ്ക്ക്

## ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ<br>,, എ. എൻ. ഷംസീർ<br>,, ജോൺ ഫെർണാണ്ടസ്<br>,, ഐ.ബി. സതീഷ് | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വനമേഖലയിലെ ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) സംസ്ഥാനത്ത് വനമേഖയിലെ ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഈ പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യവികസനം വനംവകുപ്പിന്റെ സഹകരണത്തോടെ നടത്തി വരുന്നു. |
| (ബി) ഇതിന്റെ ഭാഗമായി യുവാക്കൾക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ഉണ്ട്. ഇക്കോടൂറിസം വികസനത്തിന്റെ ഭാഗമായി യുവാക്കൾ ഉൾപ്പെടെയുള്ള തദ്ദേശവാസികൾക്ക് പരിശീലനം നൽകി വരുന്നു. സംരക്ഷിത വനമേഖലകളിലെ വനാശ്രിത സമൂഹങ്ങളുടെ കൂട്ടായ്മയെ വനസംരക്ഷണ സമിതി എന്നാണ് അറിയപ്പെടുന്നത്. വന്യജീവി സങ്കേതങ്ങളെയും ദേശീയ ഉദ്യാനങ്ങളെയും ആശ്രയിച്ചു കഴിയുന്ന വനാശ്രിത സമൂഹങ്ങളുടെ കൂട്ടായ്മയെ ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റി എന്നും അറിയപ്പെടുന്നു. വനാശ്രിത സമൂഹങ്ങളുടെ കൂട്ടായ്മയായ വനസംരക്ഷണ സമിതി /ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റി അംഗങ്ങളാണ് ഇക്കോടൂറിസം കേന്ദ്രങ്ങൾ നടത്തിപ്പോരുന്നത്. |

| | | | |
|---|---|---|---|
| | | | കമ്മിറ്റി അംഗങ്ങളിൽ നിന്നും ടൂറിസം ഗൈഡുകൾ, ഇന്റർപ്രട്ടർ തുടങ്ങിയ സേവനങ്ങൾ നൽകുവാൻ വേണ്ടി വിനോദസഞ്ചാര വകുപ്പ് യുവാക്കൾ ഉൾപ്പെടെയുള്ളവർക്ക് പരിശീലനം നൽകിയിട്ടുണ്ട് |
| (സി) | പ്രദേശവാസികളായ ജനങ്ങളുടെ സഹായ സഹകരണത്തോടെയുള്ള ഇക്കോ ടൂറിസം പദ്ധതികൾക്ക് ഊന്നൽ നൽകാൻ നടപടി സ്വീകരിക്കുമോ; | (സി) | ഇക്കോടൂറിസം പദ്ധതികൾ പ്രദേശവാസികളായ ജനങ്ങളുടെ സഹായസഹകരണത്തോടെയാണ് വനം വകുപ്പ് നടത്തിവരുന്നത്. |
| ഡി) | വനാശ്രിത സമൂഹത്തിൽ നിന്നുള്ള യുവാക്കൾക്ക് ഇക്കോ ടൂറിസം ഗൈഡുകളായി പരിശീലനം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഡി) | ഉണ്ട്.വനാശ്രിത സമൂഹത്തിൽ നിന്നും യുവാക്കൾ ഉൾപ്പെടെയുള്ളവർക്ക് പരിശീലനം നൽകിയിട്ടുണ്ട് |
| ഇ) | ഇക്കോ ടൂറിസം പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പരിസ്ഥിതി വിദ്യാഭ്യാസം ഊർജ്ജിതമാക്കുന്നതിനായി വനം വകുപ്പിന്റെ അധീനതയിലുള്ള തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ സന്ദർശകർക്കായി കൂടുതൽ താമസ സൗകര്യം ഒരുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ) | ഇത് വനംവകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന കാര്യമാണ്. ഇക്കോ ടൂറിസം പ്രദേശങ്ങൾ വനപ്രദേശങ്ങളിലാണ്. |

സെക്ഷൻ ഓഫീസർ